പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6109

10.07.2012 ൽ മറുപടി നൽകേണ്ടിയിരുന്നത്

കിസ്സാൻ ക്രെഡിറ്റ് കാർഡ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബെന്നി ബെഹനാൻ<br>,, കെ. ശിവദാസൻ നായർ<br>,, അൻവർ സാദത്ത്<br>,, ഹൈബി ഈഡൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| **(എ)** കിസ്സാൻ ക്രെഡിറ്റ് കാർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | **(എ)** ഏകജാലക സംവിധാനത്തിലൂടെ കർഷകർക്ക് കൃഷിക്കാവശ്യമുള്ള വായ്പകൾ ലളിതവും സമയോചിതവുമായി നൽകുന്നതിനുള്ള ബാങ്കുകളുടെ ഒരു പദ്ധതിയാണ് കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി. താഴെപറയുന്ന ആവശ്യങ്ങൾക്കാണ് വായ്പകൾ നൽകുന്നത്.<br><br>എ. കൃഷിക്കാവശ്യമുള്ള ഹ്രസ്വകാല വായ്പകൾ.<br><br>ബി. വിളവെടുപ്പിനുശേഷമുള്ള സംസ്കരണത്തിനുള്ള വായ്പകൾ<br><br>സി. കാർഷിക ഉല്പന്നങ്ങളുടെ വിപണനത്തിനായുള്ള വായ്പകൾ.<br><br>ഡി. കർഷക കുടുംബങ്ങളുടെ ഉപഭോഗ ആവശ്യത്തിനായുള്ള വായ്പകൾ.<br><br>ഇ. കാർഷിക അനുബന്ധ മേഖലകളിലെ മൂലധന നിക്ഷേപം നിലനിർത്തുന്നതിനുള്ള (മെയിന്റനൻസ്) വായ്പകൾ.<br><br>എഫ്. പമ്പ് സെറ്റുകൾ, സ്പ്രെയറുകൾ, ക്ഷീരോല്പാദന മേഖലയിലെ മൃഗങ്ങൾ എന്നിവ വാങ്ങുന്നതിനുള്ള വായ്പകൾ. |
| **(ബി)** ഭാവിയിൽ എ.റ്റി.എം. കാർഡുകളായി ഉപയോഗിക്കാവുന്ന രീതിയിൽ ക്രമീകരിക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; | **(ബി)** ഉണ്ട്. |

| | | | |
|---|---|---|---|
| (സി) | ഏത് പദ്ധതിയുടെ ധനസഹായത്തോടെയാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നത്; | (സി) | സംസ്ഥാനത്തെ ബാങ്കുകൾ മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |
| (ഡി) | ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട് ? | (ഡി) | കിസാൻ ക്രെഡിറ്റ് കാർഡിന്റെ വ്യാപനത്തിനായി താഴെപറയുന്ന കാര്യങ്ങൾ ചെയ്തിട്ടുണ്ട്.<br><br>1) പദ്ധതിയുടെ വ്യാപനത്തിനും പ്രചാരണത്തിനുമായി പത്ര മാദ്ധ്യമങ്ങളിലൂടെ പരസ്യ പ്രചാരണം.<br><br>2) 2011 സെപ്റ്റംബർ 26 മുതൽ ഒക്ടോബർ 1 വരെ കിസ്സാൻ ക്രെഡിറ്റ് കാർഡ് കാംപയിൻ വാരമായി എല്ലാ ജില്ലകളിലും ആചരിച്ചു.<br><br>3) സംപ്റ്റംബർ ലക്കം കേരള കർഷകനിൽ കിസ്സാൻ ക്രെഡിറ്റ് കാർഡിനെക്കുറിച്ചുള്ള ലേഖനം അച്ചടിച്ച് കർഷകർക്കിടയിൽ പ്രചാരണം നടത്തി.<br><br>4) എഫ്.എം. റേഡിയോകളിൽക്കൂടി പ്രചാരണം നടത്തി.<br><br>5) കിസ്സാൻ ക്രെഡിറ്റ് കാർഡിനുള്ള അപേക്ഷകൾ കൃഷി ഭവനുകളിലൂടെ കൃഷിയാഫീസിൽ ശിപാർശ ചെയ്ത് ബാങ്കുകൾക്ക് നൽകുന്നതിന് നടപടിയെടുത്തു.<br><br>6) 2012, ജൂൺ, ജൂലൈ മാസങ്ങളിൽ കിസ്സാൻ ക്രെഡിറ്റ് കാർഡ് കാംപയിനുകൾ സംഘടിപ്പിക്കുവാൻ ജില്ലാ തല ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ